പെർമിറ്റ് പ്രകാരം നൽകുന്ന മണ്ണെണ്ണയുടെ അളവ്

161 [1342] ശ്രീ. എ. യൂനസ്കുഞ്ഞ്: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗാർഹിക ഉപയോഗത്തിനു പുതുതായി നൽകുന്ന മണ്ണെണ്ണ പെർമിറ്റുകൾക്ക് അനുവദിക്കുന്ന മണ്ണെണ്ണയുടെ പരിധി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

കേന്ദ്ര വിഹിതമായി ലഭിക്കുന്ന മണ്ണെണ്ണയുടെ അളവിൽ വർദ്ധനവ് ഉണ്ടാകാത്തതിനാലും അപേക്ഷകരുടെ ബാഹുല്യം മൂലവും ഇപ്പോൾ നൽകിവരുന്ന മണ്ണെണ്ണയുടെ അളവ് തൽക്കാലം വർദ്ധിപ്പിക്കാൻ നിർവ്വാഹമില്ല.

സംയോജിത ആദിവാസി വികസന പദ്ധതി പ്രദേശത്തെ റേഷൻ സാധനങ്ങളുടെ വില

162 [1343] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത ആദിവാസി വികസന പദ്ധതി നടപ്പാക്കുന്ന മേഖലകളിൽ റേഷനരിയും ഗോതമ്പും വില കുറച്ചു നൽകുന്നുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം ബ്ലോക്കുകളിൽ ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്?

ഉത്തരം

(എ) സംയോജിത ആദിവാസി വികസന പദ്ധതി നടപ്പാക്കുന്ന മേഖലകളിൽ റേഷനരിയും ഗോതമ്പും കിലോഗ്രാമിന് 50 പൈസയോളം വില കുറച്ചാണ് നൽകുന്നത്.

(ബി) മൊത്തം 21 ബ്ലോക്കുകളിൽ ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. ബ്ലോക്കുകളുടെ ജില്ല തിരിച്ചുള്ള വിവരം താഴെ കൊടുത്തിരിക്കുന്നു.

ജില്ല	ബ്ലോക്കുകളുടെ പേര്	എണ്ണം
(1) തിരുവനന്തപുരം	(1) പെരുങ്കടവിള (2) പാമനപുരം (3) വെള്ളനാട്	
(2) ഇടുക്കി	(1) അടിമാലി (2) അഴുത (3) ദേവികുളം (4) എളമദേശം (5) ഇടുക്കി (6) കട്ടപ്പന (7) നെടുങ്കണ്ടം (8) തൊടുപുഴ	3 8

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	ഔട്ട്ലെറ്റുകളുടെ പേര്	എണ്ണം
(3) കോട്ടയം	(1) ഈരാറ്റുപേട്ട (2) കാഞ്ഞിരപ്പള്ളി	2
(4) പാലക്കാട്	(1) അട്ടപ്പാടി	1
(5) മലപ്പുറം	(1) വണ്ടൂർ (2) നിലമ്പൂർ	2
(6) വയനാട്	(1) സുൽത്താൻബത്തേരി (2) മാനന്തവാടി (3) കൽപ്പറ്റ	3
(7) കണ്ണൂർ	(1) ഇരിട്ടി (2) പേരാവൂർ	2
		21

നിലവിലുള്ള മാവേലിസ്റ്റോറുകൾ

163 [1344] ശ്രീമതി എൻ. കെ. രാധ:
ശ്രീ. ടി. ചാത്തു:
,, എ. കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സംസ്ഥാനത്ത് എത്ര മാവേലിസ്റ്റോറുകൾ ഉണ്ടായിരുന്നു; 31-1-1996-ൽ സംസ്ഥാനത്ത് എത്ര മാവേലിസ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഗുണമേൻമ കുറഞ്ഞ സാധനങ്ങൾ അളവിൽ കുറച്ച് പൊതു വിപണിയിൽ ലഭ്യമാകുന്നതിനേക്കാൾ കൂടിയ വിലയ്ക്കാണ് മാവേലി സ്റ്റോറുകളിൽക്കൂടി വിതരണം ചെയ്യുന്നതെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സംസ്ഥാനത്ത് 394 മാവേലിസ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടായിരുന്നു. 31-1-1996-ൽ സംസ്ഥാനത്ത് 663 മാവേലിസ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഗുണമേൻമയുള്ള സാധനങ്ങളാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി വിതരണം ചെയ്യുന്നത്. കരാറുകാർ നൽകുന്ന സാധനങ്ങളുടെ സാമ്പിളുകൾ പരിശോധിക്കുന്നതിന് ഒരു വനിതാ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. വിൽപ്പനയ്ക്ക് എടുക്കുന്ന സാധനങ്ങൾ പരിശോധിക്കുന്നതിന് നിർദ്ദിഷ്ട യോഗ്യതയുള്ള ക്വാളിറ്റി കൺട്രോളർമാരും ഉണ്ട്. കർശനമായ ഗുണമേൻമാപരിശോധനയ്ക്ക് ശേഷമാണ് സാധനങ്ങൾ വിതരണം ചെയ്യുന്നത്. വിതരണം ചെയ്യുന്ന സാധനങ്ങളുടെ അളവിന്റെ കൃത്യത പൂർണ്ണമായും പാലിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly